ഏ.സി.എച്ച് / 2020

07.08.2020

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം - 2020
## ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്താൻ അവസരം

കേരള സർവകലാശാലയുടെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ 17.08.2020 ന് വൈകിട്ട് 5 മണിക്ക് അവസാനിക്കുന്നതാണ്. നിലവിൽ രജിസ്ട്രേഷൻ നടത്തി കഴിഞ്ഞ വിദ്യാർത്ഥികൾക്ക് കാറ്റഗറി, ഓപ്ഷൻസ് എന്നിവയിൽ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് "എഡിറ്റ് പ്രൊഫൈൽ" എന്ന ടാബ് ഉപയോഗിച്ച് സ്വമേധയാ മാറ്റം വരുത്താവുന്നതാണ്. പേര്, ജനന തീയതി, അക്കാഡമിക് വിവരങ്ങൾ എന്നിവയിൽ തിരുത്തലുകൾ ആവശ്യമുള്ളവർ onlineadmission@keralauniversity.ac.in എന്ന ഇ.മെയിൽ ഐ.ഡി യിൽ ആപ്ലിക്കേഷൻ നമ്പർ, അനുബന്ധ രേഖയുടെ സ്കാൻ ചെയ്ത കോപ്പി എന്നിവ സഹിതം അപേക്ഷ നൽകുക. തിരുത്തലുകൾക്കായി സർവകലാശാലയിൽ അപേക്ഷ നൽകിയവർ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് തിരുത്തൽ വരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. തിരുത്തൽ വരുത്തിയ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിൻറൗട്ട് തുടർ ആവശ്യത്തിനായി സൂക്ഷിക്കണം. ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് 8281883052, 82281883053 എന്നീ ഫോൺ നമ്പറുകളിൽ സർവകലാശാലയുമായി ബന്ധപ്പെടാവുന്നതാണ്.

ഓൺലൈൻ അപേക്ഷയുടെ പകർപ്പുകൾ ഒന്നും തന്നെ സർവകലാശാലയിലേക്ക് അയക്കേണ്ടതില്ല.

Sd/-

**രജിസ്ട്രാർ**